"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 17, 24 എന്നിവ പ്രകാരമുള്ള അറിയിപ്പ് ചട്ടപ്രകാരമുള്ള സമയത്തിനകം നൽകാത്തവരുടെ പിഴ ഒഴിവാക്കി നൽകുന്നതിനുള്ള സമയപരിധി 2023 ജൂൺ 30 വരെ എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.116/2023/LSGD തീയതി,തിരുവനന്തപുരം, 19-05-2023

---

പരാമർശം:-
1. 22.03.2023-ലെ സ. ഉ (കൈ) നം. 77/2023/തസ്വഭവ ഉത്തരവ്.
2. കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 11.05.2023 തീയതിയിലെ KGPA/LP/FR/2023051103 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 17, 24 എന്നിവ പ്രകാരമുള്ള പിഴ ഒഴിവാക്കുന്നതിന് കെട്ടിട ഉടമകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള തീയതി മെയ് 15 ആയി പരാർശ ഉത്തരവിലെ ഖണ്ഡിക 9 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി ക്രമവത്ക്കരിക്കുന്നതിന്റെ ഭാഗമായി 9 ബി ഫോം ലഭ്യമായത് മെയ് 10-ന് ആണെന്നും ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ ഫോമിലെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ നികുതി ക്രമവത്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് 9 ബി ഫോമിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി നീട്ടണമെന്നും പരാമർശം (2) പ്രകാരം കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 17, 24 എന്നിവ പ്രകാരമുള്ള അറിയിപ്പ് നിർദ്ദിഷ്ട സമയത്തിനകം നൽകാത്തവരുടെ പിഴ ഒഴിവാക്കി നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 9-ൽ 2023 മെയ് 15 എന്ന് നിശ്ചയിച്ചിട്ടുള്ളത് 2023 ജൂൺ 30 വരെ എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.

3. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
6. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
7. എല്ലാ ജില്ലാ (റൂറൽ/അർബൻ) ജോയിന്റ് സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖാന്തിരം)
8. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.
9. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
10. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
11. ഡയറക്ടർ, GIFT, ശ്രീകാര്യം, തിരുവനന്തപുരം.
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
10.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
11.കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/308/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M
Date: 20-05-2023 11:39:52

സെക്ഷൻ ഓഫീസർ